**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം -മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്കിൽപ്പെട്ട എടവണ്ണ ഗ്രാമപഞ്ചായത്തിലെ കമ്പനിപ്പറമ്പ് കുളം നിർമ്മാണ പ്രവൃത്തിയിലെ ക്രമക്കേട് - വണ്ടൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.ജെ.ലൂയിസ് ജോസഫിനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി - തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ)നമ്പർ.**2854**/2015/തസ്വഭവ, തിരുവനന്തപുരം, തീയതി,18.09.2015

---

പരാമർശം :- 1. വിജിലൻസ് ഡയറക്ടറുടെ 15.11.2012 തീയതിയിലെ E10(SC 20/2012/MPM) 19733/12 നമ്പർ കത്ത്.

2. ശ്രീ.കെ.ജെ.ലൂയിസ് ജോസഫ്, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ വണ്ടൂരിന് 16.11.2013 തീയതിയിൽ നൽകിയ 61666/ഇആർബി1/2013/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. ശ്രീ.കെ.ജെ.ലൂയിസ് ജോസഫ് സമർപ്പിച്ച 30.12.2013 തീയതിയിലെ പ്രതിവാദപത്രിക.

4. ഗ്രാമവികസന കമ്മീഷണറുടെ 22.02.2014 തീയതിയിലെ 24846/എസ്റ്റാഎ4/2013/സിആർഡി നമ്പർ കത്തും 20.03.2015ലെ 18239/എസ്റ്റാ.എ3/14/സിആർഡി നമ്പർ കത്തും.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് മേഖലയിൽപ്പെട്ട എടവണ്ണ ഗ്രാമപഞ്ചായത്തിലെ കമ്പനിപ്പറമ്പ് കുളം നിർമ്മാണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റ് സർപ്രൈസ് ചെക്ക് നടത്തി പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ വണ്ടൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന് പരാമർശം (2) പ്രകാരം കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകുകയും ആയതിന് ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി.

കമ്പനിപ്പറമ്പ് ഇറിഗേഷൻ പ്രോജക്ടിനാവശ്യമായ കുളം കുഴിക്കുന്നതിനുള്ള 5 സെന്റ് സ്ഥലം സർക്കാരിലേയ്ക്ക് വിട്ടു തന്നത് എടവണ്ണ യത്തീംഖാനയാണെന്നും, പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്തൃകമ്മിറ്റിയും യത്തീംഖാനയും തമ്മിലുള്ള പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ കണക്ഷൻ ലഭ്യമാകുന്നതു വരെ താല്ക്കാലികമായി മാത്രമാണ് പമ്പ്സെറ്റും അനുബന്ധ

ഉപകരണങ്ങളും, അവിടെ സൂക്ഷിച്ചിട്ടുള്ളതെന്നും, 10 HP പമ്പ് സെറ്റ് കുളത്തിലെ വെള്ളത്തിനടിയിൽ വെയ്ക്കേണ്ട തലത്തിലുള്ളതാണെന്നും ഇലക്ട്രിക് കണക്ഷൻ ലഭ്യമായതിന് ശേഷമേ ആയത് കുളത്തിൽ സ്ഥാപിക്കാൻ കഴിയുകയുള്ളൂ എന്നും ടിയാന്റെ പ്രതിവാദപത്രികയിൽപ്പറയുന്നു.

കൂടാതെ ഗ്രാമപഞ്ചായത്ത് അധികൃതർ സ്ഥലം സന്ദർശിച്ച് നമ്പരിട്ട് നൽകുന്നതിന് കാലതാമസം വന്നതിനാലാണ് വൈദ്യുത കണക്ഷന് അപേക്ഷിക്കുന്നതിന് കാലതാമസം നേരിട്ടതെന്നും, 2010 മധ്യത്തോടെ സംസ്ഥാന ഡിലിമിറ്റേഷൻ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പുനഃസംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെട്ടുകയും ആയതിന്റെ ഭാഗമായി പ്രോജക്ട് ഉൾപ്പെടുന്ന എടവണ്ണ ഗ്രാമപഞ്ചായത്ത് അരീക്കോട് ബ്ലോക്കിന്റെ ഭാഗമായി മാറിയെന്നും തൻമൂലം വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെന്ന നിലയിൽ ടിയാന് പ്രോജക്ട് സന്ദർശിച്ച് തുടർ മോണിറ്ററിംഗ് നടത്താൻ കഴിയാതെ വന്നെന്നും, ടി പ്രവൃത്തിയിൽ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നും, ടിയാന്റെ പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിരിക്കുന്നു.

ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന്റെ പ്രതിവാദ പത്രികയിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മേൽ പ്രവൃത്തിക്ക് വേണ്ടി വാങ്ങിച്ച 10 HP യുടെ പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും യത്തീംഖാനയുടെ കെട്ടിടത്തിൽ തന്നെയാണ് ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നതെന്നും, വൈദ്യുത കണക്ഷൻ ഇതുവരെ ലഭ്യമായിട്ടില്ല എന്നും 2010ലെ ഡീലിമിറ്റേഷൻ കമ്മീഷന്റെ ഉത്തരവ് പ്രകാരം ടി പദ്ധതി പ്രദേശം ഉൾപ്പെടുന്ന എടവണ്ണ ഗ്രാമപഞ്ചായത്ത് അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലാണെന്നും, ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ സന്ദർശിച്ച് നമ്പറിട്ട് നൽകുന്നതിന് കാലതാമസം വന്നതിനാലാണ് വൈദ്യുത കണക്ഷന് അപേക്ഷിക്കുന്നതിന് കാലതാമസം നേരിട്ടതെന്നും വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2009-10ലെ 23/09-10 നമ്പർ പ്രോജക്റ്റ് പ്രകാരം കമ്പനിപ്പറമ്പ് ജലസേചന പദ്ധതി പൂർത്തിയാക്കി 22.12.2013-ലെ എ2-23/09-10 ഉത്തരവ് പ്രകാരം പ്രവൃത്തിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും തുടർ നടത്തിപ്പിനുമായി എടവണ്ണ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതായും പുനഃസംഘടനയുടെ ഭാഗമായി ടി പ്രവൃത്തി സ്ഥലം അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗമായി മാറിയതിനാൽ തുടർ പ്രവർത്തനം നടത്താൻ സാധിക്കാതെ വന്നു എന്നുമുള്ള ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന്റെ വാദം കൂടി പരിഗണിക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതി തുക ചെലവഴിച്ചതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിലും ടി പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് വൈദ്യുതി കണക്ഷൻ

ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന്റെ ഭാഗത്തു നിന്നും വീഴ്ച പറ്റിയതായി കാണുന്നു. ഈ സാഹചര്യത്തിൽ കമ്പനിപ്പറമ്പ് കുളം നിർമ്മാണ പ്രവൃത്തിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വണ്ടൂർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറായിരുന്ന ശ്രീ.കെ.ജെ.ലൂയിസ് ജോസഫിനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി ടിയാന് 'സെൻഷർ' നൽകി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.ജെ.ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി

ശ്രീ.കെ.ജെ.ലൂയിസ് ജോസഫ്, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്,
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, കോഴിക്കോട്
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറൊ, തിരുവനന്തപുരം
വിജിലൻസ് വകുപ്പ് (07.01.2013-ലെ 15903/ഇ3/13/വിജ്. നമ്പർ കത്ത് പ്രകാരം)
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ